# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:31.07.2025

## പ്രധാനവാർത്തകൾ

1. ഐ എസ് ആർ ഒ യുടെയും നാസയുടെയും പ്രഥമ സംയുക്ത ദൗത്യമായ - എൻ ഐ - സാർ ഉപഗ്രഹ വിക്ഷേപണ ദൗത്യത്തെ അഭിനന്ദിച്ച് പാർലമെന്റ്.

   -പ്രതിപക്ഷ ബഹളത്തെ തുടർന്ന് ഇരുസഭകളും രണ്ട് മണി വരെ നിർത്തിവച്ചു.
2. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിൻറെ സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ മുഖ്യാതിഥിയാകും.
3. ഛത്തീസ് ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളുടെ പ്രശ്നം പരിഹരിക്കാൻ ബിജെപി ആത്മാർത്ഥമായി ഇടപെടുന്നുണ്ടെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ.
4. സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. പുതിയ സീസണിനായി ഒരുങ്ങി മത്സ്യത്തൊഴിലാളികൾ.
5. -പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 20-ാമത് ഗഡു അടുത്തമാസം 2-ന് വിതരണം ചെയ്യും.
6. ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിന് ഇന്ന് കെന്നിംഗ്സ്റ്റണ്ണിൽ തുടക്കം.

&&&&&&&&&&&&&&&&&&

RNUTVPM

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപതി മുർമുവിൻറെ പശ്ചിമ ബംഗാൾ ഝാർഖണ്ഡ് സന്ദർശനം തുടരുന്നു. ഇന്ന് ഝാർഖണ്ഡിലെ ദേവ്ഘർ എയിംസിന്റെ പ്രഥമ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ, ധൻബാദ് ഐഐടി യുടെ 45-ാമത് ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുർമു മുഖ്യാതിഥിയാകും.

&&&&&&&&&&&&&&&&&&

## പാർലമെൻ്റ് സമ്മേളനം

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിൻറെ ഇരുസഭകളിലും ഇന്നും നടപടിക്രമങ്ങൾ തടസ്സപ്പെട്ടു. സഭാനടപടികൾ രണ്ട് മണി വരെ നിർത്തിവച്ചിരിക്കുകയാണ്. രാവിലെ സഭ ആരംഭിച്ചപ്പോൾ ഐ എസ് ആർ ഒ യുടെയും നാസയുടെയും പ്രഥമ സംയുക്ത ദൗത്യമായ - എൻ ഐ - സാർ ഉപഗ്രഹ വിക്ഷേപണത്തെ പാർലമെന്റ് അഭിനന്ദിച്ചു. ബഹിരാകാശരംഗത്തെ ഇന്ത്യയുടെ പുരോഗതി വ്യക്തമാക്കുന്നതാണ് ദൗത്യമെന്ന് രാജ്യസഭയിൽ ഡെപ്യൂട്ടി ചെയർമാൻ ഹരിവംഷ് അഭിപ്രായപ്പെട്ടു. ഭൂമിയിലെ ആവാസവ്യവസ്ഥയെയും സമുദ്ര മേഖലകളെയും പഠിക്കുക എന്നതാണ് ദൗത്യത്തിന്റെ പ്രാഥമിക ലക്ഷ്യമെന്ന്

PNUTVPM

ഐഎസ്ആർഒ ശാസ്ത്രജ്ഞരെ അഭിനന്ദിച്ചുകൊണ്ട് ലോക്സഭ അധ്യക്ഷൻ ഓം ബിർള പറഞ്ഞു.

&&&&&&&&&&&&&&&&&&

## മുതലപ്പൊഴി -മുഖ്യമന്ത്രി

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ സമഗ്ര വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ്ജ് കുര്യൻ വിശിഷ്ടാതിഥിയാകും. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ 177 കോടി രൂപ ചെലവഴിച്ചാണ് തുറമുഖം 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## ട്രോളിങ്ങ് നിരോധനം (ഇൻട്രോ)

സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ ഉൾപ്പെടെ അവസാനഘട്ടത്തിലാണ്. പെയിന്റിങ്ങ് ഉൾപ്പടെ പൂർത്തിയായ ബോട്ടുകളിൽ ഇന്ധനം നിറച്ച് ഐസും , മത്സ്യബന്ധന ഉപകരണങ്ങളും, ആഹാരസാധനങ്ങളും കയറ്റിത്തുടങ്ങി. മത്സ്യസംസ്കരണ ശാലകളും പുതിയ സീസണിനായി സജ്ജമായി കഴിഞ്ഞു.

*വിശദാംശങ്ങളിലേക്ക്............*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**ജോർജ് കുര്യൻ**

ഛത്തീസ് ഗഢിൽ അറസ്റ്റിലായ കന്യാസ്ത്രീകളുടെ പ്രശ്നം പരിഹരിക്കാൻ ബിജെപി ആത്മാർത്ഥമായി ഇടപെടുന്നുണ്ടെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ. ജാമ്യാപേക്ഷയിൽ വീഴ്ചയുള്ളതിനാലാണ് ഹർജി തള്ളിയതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. വിഷയത്തിൽ ഛത്തീസ്ഗഢിലെ കോൺഗ്രസ് എം.പി ഇതുവരെ പ്രതികരിച്ചിട്ടില്ലെന്നും അദ്ദേഹം ആരോപിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

**ശിവൻകുട്ടി**

സ്കൂൾ അവധിക്കാലം ഏപ്രിൽ-മെയ് മാസങ്ങളിൽ നിന്ന് മാറ്റി ജൂൺ, ജൂലായ് മാസങ്ങളിലാക്കുന്നതിനെക്കുറിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയാൻ ആഗ്രഹിക്കുന്നുവെന്ന് മന്ത്രി V ശിവൻകുട്ടി. ജൂൺ, ജൂലൈ മാസങ്ങളിൽ കനത്ത മഴ കാരണം പലപ്പോഴും ക്ലാസുകൾക്ക് അവധി നൽകേണ്ടി വരികയും പഠനം തടസ്സപ്പെടുകയും ചെയ്യുന്നതാണ് ഇത്തരമൊരു ആശയം മുന്നോട്ട് വയ്ക്കാൻ കാരണമെന്നും മന്ത്രി ഫേസ്ബുക്കിൽ

കുറിച്ചു. മറ്റു സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും അവധിക്കാല ക്രമീകരണങ്ങൾ എങ്ങനെ മാതൃകയാക്കാം എന്ന് പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## മലെഗാവ്

മലെഗാവ് സ്ഫോടനകേസിലെ ഏഴ് പ്രതികളെ മുംബൈ പ്രത്യേക എൻ.ഐ.എ കോടതി വെറുതെ വിട്ടു. 2008 സെപ്റ്റംബറിൽ നടന്ന സ്ഫോടന കേസിലാണ് തെളിവുകൾ ഇല്ലെന്ന് ചൂണ്ടിക്കാട്ടി കോടതി പ്രതികളെ വെറുതെ വിട്ടത്. സംഭവത്തിൽ ആറോളം പേർ മരിക്കുകയും 100-ൽ ഏറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ബിജെപി മുൻ എം.പി. പ്രഗ്യ താക്കൂർ ഉൾപ്പെടെയുള്ളവർ കേസിൽ പ്രതികളായിരുന്നു.

RNUTVPM

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി

പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 20-ാമത് ഗഡു ഓഗസ്റ്റ് 2-ന് വിതരണം ചെയ്യും. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. പദ്ധതി പ്രകാരം എല്ലാ വർഷവും മൂന്ന് തുല്യ ഗഡുക്കളായി, കർഷകർക്ക് 6,000 രൂപ നൽകിവരുന്നു. ഇന്ത്യയിലുടനീളമുള്ള ചെറുകിട കർഷകർക്ക് സാമ്പത്തിക

സഹായം വാഗ്ദാനം ചെയ്യുന്ന സർക്കാർ പദ്ധതിയാണ് പിഎം-കിസാൻ.

&&&&&&&&&&&&&&&&&&&

**ഇടുക്കി -ഇൻട്രോ**

ഇടുക്കിയിലെത്തുന്ന വനിതാ യാത്രികർക്ക് കോടമഞ്ഞിന്റെ കുളിരും തേയിലത്തോട്ടത്തിന്റെ ഭംഗിയും ആസ്വദിച്ച് കുറഞ്ഞ ചെലവിൽ സുരക്ഷിതമായ താമസിക്കാം. പള്ളിവാസൽ ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയായ ജില്ലയിലെ ആദ്യത്തെ ഷീ ലോഡ്ജാണ് ഈ സൗകര്യമൊരുക്കുന്നത്.

***വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....***

***(വോയിസ്)***

RNU TVPM

&&&&&&&&&&&&&&&&&&&

**കുളച്ചൽ യുദ്ധം**

കുളച്ചൽ യുദ്ധവിജയത്തിന്റെ 284-ാമത് വാർഷികം ആഘോഷിച്ച് ഇന്ത്യൻ സൈന്യം.മദ്രാസ് റെജിമെൻ്റ് വിഭാഗത്തിൻ്റെ നേതൃത്വത്തിൽ കന്യാകുമാരി ജില്ലയിലെ കുളച്ചൽ യുദ്ധ സ്മാരകത്തിലായിരുന്നു ആഘോഷം സംഘടിപ്പിച്ചത്. തിരുവനന്തപുരം പാങ്ങോട് സൈനിക

കേന്ദ്രത്തിലെ മദ്രാസ് റെജിമെൻറ് കമാൻഡിങ് ഓഫീസർ കേണൽ അവിനാഷ് കുമാർ സിങ് യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു.

**Editor:PARVATHY V R , Source: ജെഡിഎൻ, CNRT:JOSNA JOSE, Reader: SUDHIN S, DEO:SANDHYA RANI G S**

## പ്ലസ് വൺ പ്രവേശനം

ഈ അധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനം ഇന്ന് അവസാനിക്കും. ഹയർ സെക്കന്ററിയിലെയും വൊക്കേഷണൽ ഹയർ സെക്കൻ്ററിയിലെയും ഒഴിവ് വന്ന സീറ്റുകളിലേക്ക് ഇന്ന് സ്പോട്ട് അഡ്മിഷൻ നടത്തും. ഇതിനു അപേക്ഷിച്ചവരുടെ റാങ്ക് പട്ടിക പ്രവേശന വെബ്സൈറ്റിൽ രാവിലെ പ്രസിദ്ധീകരിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## മത്സ്യബന്ധനത്തിന് വിലക്ക്

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 40 മുതൽ 60 കിലോമീറ്റർ വരെ വേഗത്തിലുള്ള ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . കേരളത്തിൽ ഇന്നും കർണാടക- ലക്ഷദ്വീപ്

തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**Editor:PARVATHY V R, Source: 07.25എഎം, CNRT:PARVATHY(NE), Reader: SUDHIN S, DEO:SANDHYA RANI G S**

## കണ്ണൂർ വള്ളം അപകടം

കണ്ണൂർ പുതിയങ്ങാടി ചൂട്ടാട് നിന്ന് മത്സ്യ ബന്ധനത്തിന് പോയ ചെറു വള്ളം അപകടത്തിപ്പെട്ട് അസം സ്വദേശി മരിച്ചു. പുതിയങ്ങാടി ബസ് സ്റ്റാൻ്റിന് സമീപം താമസിക്കുന്ന റൈജുൽ ഇസ്ലാം എന്ന അലി ആണ് മരിച്ചത്. വള്ളത്തിൽ ഉണ്ടായിരുന്ന മറ്റ് രണ്ടുപേർ രക്ഷപ്പെട്ടു.

RNU/TVPM

&&&&&&&&&&&&&&&&&&

## കണ്ണൂർ-ഇൻട്രോ

കണ്ണൂർ നാറാത്ത് പഞ്ചായത്തിലെ പുല്ലൂപ്പിക്കടവ് , സഞ്ചാരികളുടെ ഇഷ്ട വിനോദ സഞ്ചാര കേന്ദ്രമായി മാറുന്നു. പുല്ലൂപ്പിക്കടവിലെ രണ്ടാം ഘട്ട ടൂറിസം പദ്ധതി കെ.വി.സുമേഷ് എം.എൽ.എ.ഉദ്ഘാടനം ചെയ്തു.

***വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ***

*(വോയിസ്)*

&&&&&&&&&&&&&&&&&&

## ദേവികുളം ഹർത്താൽ

ദേശീയപാത 85 ലെ നിർമ്മാണ പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് ദേശീയപാത സംരക്ഷണ സമിതിയും യുഡിഎഫും ആഹ്വാനം ചെയ്ത ദേവികുളം താലൂക്ക് ഹർത്താൽ ആരംഭിച്ചു. ദേശീയപാത സംരക്ഷണ സമിതി മൂന്നാം മൈലിൽ നിന്ന് നേര്യമംഗലത്തേക്ക് മാർച്ച് നടത്തി. സ്വകാര്യ ബസുകളും കെ എസ് ആർ ടി സി ബസുകളും സർവ്വീസ് നടത്തുന്നുണ്ട്. ഹർത്താൽ വിനോദ സഞ്ചാര മേഖലയെയും സാരമായി ബാധിച്ചു.

**Editor:PARVATHY V R , Source: പി ടി സി ഇടുക്കി, CNRT:JOSNA JOSE, Reader: SUDHIN S, DEO:SANDHYA RANI G S**

RNU TVPM

## ക്രിക്കറ്റ് ടെസ്റ്റ്

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് വൈകുന്നേരം 3.30ന് കെന്നിംഗ്ടണ്ണിലെ ഓവൽ സ്റ്റേഡിയത്തിൽ ആരംഭിക്കും. പരമ്പരയിൽ 2-1ന് ഇംഗ്ലണ്ട് മുന്നിലാണ്.

&&&&&&&&&&&&&&&&&&

## അണ്ടർ 19-

ഓസ്‌ട്രേലിയൻ പര്യടനത്തിൽ പങ്കെടുക്കുന്ന ഇന്ത്യൻ അണ്ടർ 19 ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു. ഇന്ത്യൻ ടീമിനെ ആയുഷ് മാത്രെ നയിക്കും. വിഹാൻ മൽഹോത്രയാണ് വൈസ് ക്യാപ്റ്റൻ. മൂന്ന് ഏകദിന മത്സരങ്ങളും രണ്ട് ചതുർദിന മത്സരങ്ങളുമടങ്ങിയതാണ് പര്യടനം.

&&&&&&&&&&&&&&&&&&

## ഖാദി

പ്രാദേശിക കരകൗശല വിദഗ്ധരെ ശാക്തീകരിക്കുന്നതിനും തദ്ദേശീയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി തിരുവനന്തപുരത്തു നടന്ന "ഖാദി സംവാദ്" പരിപാടിയിൽ കേന്ദ്ര ഖാദി, ഗ്രാമ വ്യവസായ കമ്മീഷൻ ചെയർമാൻ ശ്രീ മനോജ് കുമാർ പങ്കെടുത്തു. 200-ലധികം കരകൗശല വിദഗ്ധരുമായും വിദ്യാർത്ഥികളുമായും കേരളത്തിലെ 15 ഖാദി സ്ഥാപനങ്ങളിൽ നിന്നുള്ള 50 പ്രതിനിധികളുമായും ചെയർമാൻ സംവദിച്ചു.

RNU TVPM

**Editor:PARVATHY V R, Source: പിഐബി, CNRT:PARVATHY(NE), Reader: SUDHIN S, DEO:SANDHYA RANI G S**

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 70 പോയിന്റ് താഴ്ന്ന് 81,404 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 15 പോയിന്റ് നഷ്ടത്തിൽ 24,840 ലും വ്യാപാരം തുടരുന്നു.

സ്വർണ്ണവില കുറഞ്ഞു. പവന് 320 രൂപ കുറഞ്ഞ് 73,360 രൂപയും ഗ്രാമിന് 9,170 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

**റേഷൻ**

സംസ്ഥാനത്ത് ജൂലൈ മാസത്തെ റേഷൻ വിതരണം ഇന്ന് പൂർത്തിയാകും. നാളെ റേഷൻകടകൾക്ക് അവധിയായിരിക്കും. ശനിയാഴ്ച മുതൽ ഓഗസ്റ്റ് മാസത്തെ റേഷൻ വിതരണം ആരംഭിക്കും.

RNU TVPM

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&